**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4565** **29-10-2021 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരംമുറി കേസിലെ കുറ്റപത്ര സമർപ്പണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുട്ടിൽ മരംമുറി കേസിൽ അറസ്റ്റിലായ പ്രതികൾക്കെതിരെ വനം വകുപ്പ് അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാൻ വൈകുന്ന സാഹചര്യം നിലവിലുണ്ടോ എന്ന് അറിയിക്കുമോ; | (എ) | മുട്ടിൽ മരംമുറി കേസിൽ അറസ്റ്റിലായ പ്രതികൾക്കെതിരെ വനം വകുപ്പ് അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാൻ വൈകുന്ന സാഹചര്യം നിലവില്ല. |
| (ബി) | പത്തു വർഷത്തിൽ താഴെ ശിക്ഷ അനുഭവിക്കേണ്ട വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ അറുപത് ദിവസത്തിനകം കുറ്റപത്രം സമർപ്പിച്ചില്ലെങ്കിൽ റിമാൻഡിൽ കഴിയുന്നവർക്ക് ജാമ്യം ലഭിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ മുട്ടിൽ മരംമുറി കേസിൽ കുറ്റപത്രം സമർപ്പിക്കാൻ വൈകുന്നതു മൂലം പ്രതികൾക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യമുണ്ടായാൽ പ്രതികൾ കേസന്വേഷണത്തെ സ്വാധീനിക്കാനിടയുണ്ട് എന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേസ് അന്വേഷണത്തെ ആരും സ്വാധീനിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. |
| (ഡി) | എങ്കിൽ കുറ്റപത്രം ഉടനടി സമർപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് അറിയിക്കുമോ? | (ഡി) | തൊണ്ടി വകകൾ 1961 ലെ കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 61എ പ്രകാരം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള സത്വര നടപടികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. ആയത് പൂർത്തയായ ഉടൻ ടി കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ